Information Technology
**Sample Questions**
std8 : Malayalam Medium

**വിഭാഗം 1 : ഏറ്റവും അനുയോജ്യമായ ഒരു ഉത്തരം തെരഞ്ഞെടുക്കുക.**

1. ശാസ്ത്രീയമായി ടൈപ്പിങ് പഠിക്കാൻ സഹായിക്കുന്ന സോഫ്റ്റ്‌വെയർ ഏത്?

ഉത്തര സൂചിക

A സ്ക്രാച്ച്
B കെ-ടച്ച്
C ജിയോജിബ്ര
D ടക്സ്-പെയിന്റ്

ശരിയായ ഉത്തരം

B കെ-ടച്ച്

2. താഴെ തന്നിരിക്കുന്ന അപ്ലിക്കേഷൻ സോഫ്റ്റ്‌വെയറുകളിൽ വേഡ്പ്രോസസർ അല്ലാത്തത് ഏത് ?

ഉത്തര സൂചിക

A അബിവേഡ്
B അപ്പാച്ചെ ഓപ്പൺ ഓഫീസ് റൈറ്റർ
C ലിബർഓഫീസ് ഇംപ്രസ്
D ലിബർഓഫീസ് റൈറ്റർ

ശരിയായ ഉത്തരം

C ലിബർഓഫീസ് ഇംപ്രസ്

3. നിങ്ങളുടെ കൈയിലുള്ള പുസ്തകത്തിലെ ഒരു പേജിന്റെ പ്രതിബിംബം കമ്പ്യൂട്ടറിലേക്ക് എത്തിക്കാൻ സഹായിക്കുന്ന ഉപകരണം ഏത്?

ഉത്തര സൂചിക

A കീബോർഡ്
B സ്കാനർ
C മൗസ്
D യു.പി.എസ്

ശരിയായ ഉത്തരം

B സ്കാനർ

4. വർഷ തന്റെ കമ്പ്യൂട്ടറിൽ കണ്ട ഒരു ഫയലിന്റെ എക്സ്റ്റൻഷൻ .xcf എന്നാണ് . ഇത് ഏതു തരത്തിലുള്ള ഫയലായിരിക്കും?

ഉത്തര സൂചിക

A ജിമ്പിൽ തയാറാക്കിയ ഫയൽ
B സ്ക്രാച്ചിൽ തയാറാക്കിയ ഫയൽ
C ലിബർ ഓഫീസ് റൈറ്ററിൽ തയാറാക്കിയ ഫയൽ
D കെ-ടച്ചിൽ തയാറാക്കിയ ഫയൽ

ശരിയായ ഉത്തരം

A ജിമ്പിൽ തയാറാക്കിയ ഫയൽ

5. ചുവടെക്കൊടുത്തിരിക്കുന്നവയിൽ ഒന്ന് ഗ്രൂപ്പിൽ ഉൾപ്പെടാത്തതാണ് . അതേതെന്ന് കണ്ടെത്തുക.

ഉത്തര സൂചിക

A Eye of GNOME Image Viewer
B gThumb Image Viewer
C Shotwell Viewer
D PDF Viewer

ശരിയായ ഉത്തരം

D PDF Viewer

6. ചുവടെ നൽകിയിരിക്കുന്നവയിൽ ഒരു ഇമേജ് വ്യൂവർ സോഫ്റ്റ്‌വെയർ ആണ്

ഉത്തര സൂചിക

A. Tux Paint
B. gThumb
C. AbiWord
D. LibreOffice Writer

ശരിയായ ഉത്തരം

B. gThumb

7. ജിമ്പിൽ തയാറാക്കി സേവ് ചെയ്യുന്ന പ്രോജക്ട് ഫയലുകളുടെ എക്സ്റ്റൻഷൻ സാധാരണയായി ഏതായിരിക്കും ?

ഉത്തര സൂചിക

A. .jpeg
B. .tiff
C. .xcf
D. .odt

ശരിയായ ഉത്തരം

C .xcf

8. ഇൻസ്ക്രിപ്റ്റ് കീബോർഡ് ലേഔട്ട് തയാറാക്കിയ കേന്ദ്ര സർക്കാർ സ്ഥാപനത്തിന്റെ പേര് എന്ത്?

ഉത്തര സൂചിക

A സി ഡാക്ക്

B സി ഡിറ്റ്

C എൻ ഐ സി

D ഇന്ത്യ പോർട്ടൽ

ശരിയായ ഉത്തരം

A സി ഡാക്ക്

9. സ്വരാക്ഷരങ്ങൾ ഒന്നൊഴികെ മറ്റെല്ലാം ഇടതു കൈകൊണ്ട് ടൈപ്പ് ചെയ്യത്തക്ക വിധമാണ് ഇൻസ്ക്രിപ്റ്റ് കീബോർഡിൽ ക്രമീകരിച്ചിരിക്കുന്നത്. ഏതാണ് ആ അക്ഷരം?

ഉത്തര സൂചിക

A അ

B എ

C ഋ

D ഐ

ശരിയായ ഉത്തരം

C ഋ

10. ഇൻസ്ക്രിപ്റ്റ് കീ ലേഔട്ട് അനുസരിച്ച് മ എന്ന അക്ഷരം ഏതു വിരൽ കൊണ്ടാണ് ടൈപ്പ് ചെയ്യേണ്ടത്?

ഉത്തര സൂചിക

A ഇടതു ചെറു വിരൽ

B ഇടതു നടു വിരൽ

C വലതു ചെറു വിരൽ

D വലതു നടു വിരൽ

ശരിയായ ഉത്തരം

B ഇടതു നടു വിരൽ

11. ഇൻസ്ക്രിപ്റ്റ് കീ ലേഔട്ട് അനുസരിച്ച് ക്ഷ ടൈപ്പ് ചെയ്യാൻ എത്ര കീ കൾ അമർത്തണം

ഉത്തര സൂചിക

A 1

B 2

C 3

D 4

ശരിയായ ഉത്തരം

D 4

12 നമ്മുടെ കമ്പ്യൂട്ടറിലുള്ള മലയാളം വാക്കുകളുടെ അർഥവും പ്രയോഗവും വിശദീകരിക്കുന്നതിനുള്ള ഒരു നിഘണ്ടുവിന്റെ പേര് തന്നിരിക്കുന്ന ലിസ്റ്റിൽനിന്നും തിരഞ്ഞെടുക്കുക.

ഉത്തര സൂചിക

A കര

B തീരം

C കടൽ

D നദി

ശരിയായ ഉത്തരം

B തീരം

13. താഴെ തന്നിരിക്കുന്നവയിൽ വെബ് ബ്രൗസർ ഏതാണ്?

ഉത്തര സൂചിക

A. മോസില്ല ഫയർഫോക്സ്

B. വേഡ് പ്രോസസർ

C. കാൽക്

D. ജിമ്പ്

ശരിയായ ഉത്തരം

A. മോസില്ല ഫയർഫോക്സ്

14. ലോകമാകെ വ്യാപിച്ചുകിടക്കുന്ന കമ്പ്യൂട്ടർ ശൃംഖലയേയും അവ നൽകുന്ന വിവിധങ്ങളായ സൗകര്യങ്ങളേയും പൊതുവായി വിളിക്കപ്പെടുന്ന പേര് എന്ത് ?

ഉത്തര സൂചിക

A. വെബ്സൈറ്റ്

B. നെറ്റ്‌വർക്ക്

C. ഇന്റർനെറ്റ്

D. വെബ്പേജ്

ശരിയായ ഉത്തരം

C. ഇന്റർനെറ്റ്

15. കത്തിടപാടുകൾ വളരെ വേഗത്തിൽ നടത്തുവാൻ സഹായിക്കുന്ന ഇന്റർനെറ്റിലെ സംവിധാനം താഴെ തന്നിരിക്കുന്നവയിൽ ഏത്?

ഉത്തര സൂചിക

A. ഇ -ഭരണം

B. ഇ -മെയിൽ

C. ഇ -വാണിജ്യം

D.  ഇ -പഠനം

ശരിയായ ഉത്തരം

B.  ഇ –മെയിൽ

16. സ്ക്രാച്ച് സോഫ്റ്റ്‌വെയർ തുറക്കുമ്പോൾ കാണുന്ന സ്പ്രൈറ്റിനെ കൂടാതെ പുതിയ ഒരു സ്പ്രൈറ്റിനെകൂടി ഉൾപ്പെടുത്തുന്നതിന് ചുവടെ കൊടുത്തിരിക്കുന്നവയിൽ ഏതു ബട്ടൺ പ്രയോജനപ്പെടുത്താം ?

ഉത്തര സൂചിക

A  ന്യൂ സ്ക്രിപ്റ്റ്സ്
B  സ്പ്രൈറ്റ് ലിസ്റ്റ്
C  ന്യൂ സ്റ്റേജ്
D  ന്യൂ സ്പ്രൈറ്റ്

ശരിയായ ഉത്തരം

D  ന്യൂ സ്പ്രൈറ്റ്

17. സ്ക്രാച്ച് സോഫ്റ്റ്‌വെയറിൽ ലഭ്യമായ New Sprite ബട്ടണുകളിലൊന്നാണ് താഴെ കാണുന്നത്. ഇതിന്റെ ഉപയോഗം ചുവടെ തന്നിരിക്കുന്നവയിലേതാണ് ?



ഉത്തര സൂചിക

A  പുതിയ സ്പ്രൈറ്റിനെ വരച്ചു ചേർക്കാൻ.
B  ഗാലറിയിലെ ചിത്രങ്ങളെ സ്പ്രൈറ്റായി ഉൾപ്പെടുത്താൻ.
C  റാൻഡം രീതിയിൽ ചിത്രങ്ങളെ സ്പ്രൈറ്റുകളായി പ്രത്യക്ഷപ്പെടുത്തുന്നതിന്.
D  ഉൾപ്പെടുത്തിയ സ്പ്രൈറ്റ് ഏതാണെന്നറിയാൻ.

ശരിയായ ഉത്തരം

C  റാൻഡം രീതിയിൽ ചിത്രങ്ങളെ സ്പ്രൈറ്റുകളായി പ്രത്യക്ഷപ്പെടുത്തുന്നതിന്.



18. സ്ക്രാച്ച് സോഫ്റ്റ്‌വെയറിൽ കാണുന്ന

ഈ ബട്ടണുകളുടെ ഉപയോഗം താഴെ തന്നിരിക്കുന്നവയിലേതാണ് ?

ഉത്തര സൂചിക

A പുതിയ സ്പ്രൈറ്റുകളെ ഉൾപ്പെടുത്തുന്നതിന്

B പുതിയ സ്റ്റേജുകൾ ഉൾപ്പെടുത്തുന്നതിന്

C പുതിയ കോസ്റ്റ്യൂമുകൾ ഉൾപ്പെടുത്തുന്നതിന്

D പുതിയ സ്ക്രിപ്റ്റ് സെഗ്‌മെന്റുകൾ ഉൾപ്പെടുത്തുന്നതിന്

ശരിയായ ഉത്തരം

A പുതിയ സ്പ്രൈറ്റുകളെ ഉൾപ്പെടുത്തുന്നതിന്

19 സ്ക്രാച്ച് സോഫ്റ്റ്‌വെയറിലെ ഒരു സ്പ്രൈറ്റിന് ചുവടെ കൊടുത്തിരിക്കുന്ന കോഡ് സെഗ്‌മെന്റ് കൊടുത്ത് പ്രവർത്തിപ്പിച്ചാൽ എന്തൊക്കെയായിരിക്കും സംഭവിക്കുക ?




ഉത്തര സൂചിക

A സ്പ്രൈറ്റ് 20 ഡിഗ്രി വലത്തോട്ട് തിരിയും

B സ്പ്രൈറ്റ് 20 ഡിഗ്രി ഇടത്തോട്ട് തിരിയും

C സ്പ്രൈറ്റ് 10 ഡിഗ്രി വലത്തോട്ടും 10 ഡിഗ്രി ഇടത്തോട്ടും തിരിഞ്ഞു നില്ക്കും

D സ്പ്രൈറ്റ് 10 ഡിഗ്രി ഇടത്തോട്ടും 10 ഡിഗ്രി വലത്തോട്ടും തിരിഞ്ഞു നില്ക്കും

ശരിയായ ഉത്തരം

C സ്പ്രൈറ്റ് 10 ഡിഗ്രി വലത്തോട്ടും 10 ഡിഗ്രി ഇടത്തോട്ടും തിരിഞ്ഞു നില്ക്കും

20 സ്ക്രാച്ച് സോഫ്റ്റ്‌വെയറിലെ പശ്ചാത്തലത്തിന്റെയും സ്പ്രൈറ്റിന്റെയും നിറങ്ങൾ തിരിച്ചറിയുന്നതിനുള്ള നിർദ്ദേശങ്ങളെ ഏതു പേരിലറിയാണറിയപ്പെടുന്നത്?

ഉത്തര സൂചിക

A കളർ കോഡുകൾ

B കളർ സെഗ്‌മെന്റുകൾ

C കളർ കോഡു സെഗ്‌മെന്റുകൾ

D കളർ സെൻസിങ് കോഡ് സെഗ്‌മെന്റുകൾ

ശരിയായ ഉത്തരം

D കളർ സെൻസിങ് കോഡ് സെഗ്‌മെന്റുകൾ

വിഭാഗം 2 : ഏറ്റവും അനുയോജ്യമായ രണ്ട് ഉത്തരങ്ങൾ തെരഞ്ഞെടുക്കുക

1 ഏതാനും ആപ്ലിക്കേഷൻ സോഫ്റ്റ് വെയറുകളുടെ പേരുകളാണ് താഴെ തന്നിട്ടുള്ളത്. ഇവയിൽ ടൈപ്പിങ് പരിശീലനത്തിനുപയോഗിക്കുന്ന രണ്ടു സോഫ്റ്റ്‌വെയറുകൾ ഏതെല്ലാം ?

ഉത്തര സൂചിക

A Gimp
B Tux paint
C Tux Typing
D Scratch
E KTouch

ശരിയായ ഉത്തരം

C Tux Typing
E KTouch

2 താഴെ തന്നിട്ടുള്ളവയിൽ വേഡ് പ്രോസസ്സർ വിഭാഗത്തിൽപെട്ട രണ്ടു സോഫ്റ്റ്‌വെയറുകൾ ഏതെല്ലാം?

ഉത്തര സൂചിക

A LibreOffice Calc
B LibreOffice Math
C OpenOffice Writer
D LibreOffice Draw
E LibreOffice Writer

ശരിയായ ഉത്തരം

C OpenOffice Writer
E LibreOffice Writer

3 ചുവടെ നൽകിയിരിക്കുന്നവയിൽ ചിത്രഫയലുകൾ ഏതെല്ലാം?

ഉത്തര സൂചിക

A kathakali.mp3
B kathakali.mp4
C kathakali.jpg
D kathakali.tiff
E kathakali.avi

ശരിയായ ഉത്തരം

C kathakali.jpg
D kathakali.tiff

4 ചുവടെ നൽകിയിരിക്കുന്നവയിൽ വീഡിയോ ഫയലുകൾ ഏതെല്ലാം?

ഉത്തര സൂചിക

A rain_harvesting.mp3
B rain_harvesting.mp4
C rain_harvesting.jpg
D rain_harvesting.tiff
E rain_harvesting.avi

ശരിയായ ഉത്തരം

B rain_harvesting.mp4
E rain_harvesting .avi

5 ജിമ്പിൽ പശ്ചാത്തലനിറം നൽകുന്നതിന് ഉപയോഗിക്കുന്ന ടൂളുകൾ ചുവടെ കൊടുത്തവയിൽ നിന്നും കണ്ടെത്തുക

ഉത്തര സൂചിക

A Crop Tool
B Paintbrush Tool
C Bucket Fill Tool
D Text Tool
E Blend Tool

ശരിയായ ഉത്തരം

C Bucket Fill Tool
E Blend Tool

6 ഇംഗ്ലീഷ് വാക്കുകളുടെ അർഥവും പ്രയോഗവും ലഭിക്കുന്ന രണ്ട് നിഘണ്ടുക്കൾ ഏവ?

ഉത്തര സൂചിക

A സി ഡാക്ക്
B അർഥ
C ഗോൾഡൻ ഡിക്റ്റ്
D ഐ എസ് എം
E ഇൻസ്ക്രിപ്റ്റ്

ശരിയായ ഉത്തരം

B അർഥ
C ഗോൾഡൻ ഡിക്റ്റ്

7 താഴെ തന്നിട്ടുള്ള ഫോണ്ടുകളിൽ നിന്ന് രണ്ട് ഹിന്ദി ഫോണ്ടുകൾ തിരഞ്ഞെടുക്കുക

ഉത്തര സൂചിക

A അരുണ
B ഗാർഗി
C സുറുമ
D കാളിമതി
E രചന

ശരിയായ ഉത്തരം

B ഗാർഗി
D കാളിമതി

8 ഇന്റർനെറ്റിലൂടെ ലഭ്യമായിക്കൊണ്ടിരിക്കുന്ന രണ്ട് സേവനങ്ങൾ താഴെകൊടുത്തിരിക്കുന്നവയിൽ നിന്നും തിരഞ്ഞെടുക്കുക.

ഉത്തര സൂചിക

A. ഇ-ഭരണം
B. ഫയർഫോക്സ്
C. ഇ-വാണിജ്യം
D. ലിബർ ഓഫീസ് റൈറ്റർ
E. ജിമ്പ്

ശരിയായ ഉത്തരം

A. ഇ - ഭരണം
C. ഇ - വാണിജ്യം

9 ചുവടെ കൊടുത്തിരിക്കുന്നവയിൽ വെബ്ബ്രൗസറുകൾ ഏതെല്ലാം?

ഉത്തര സൂചിക

A. Epiphany
B. Wikipedia
C. Chromium
D. Google
E. Yahoo

ശരിയായ ഉത്തരം

A. Epiphany
C. Chromium

10 ചുവടെ കൊടുത്തിരിക്കുന്നവയിൽ സെർച്ച് എഞ്ചിനുകൾ ഏതെല്ലാം?

ഉത്തര സൂചിക

A. google
B. wikipedia
C. hotmail
D. bing
E. mozilla

ശരിയായ ഉത്തരം

A. google
D. bing

11 സ്ക്രാച്ച് സോഫ്റ്റ്‌വെയറിലെ സ്റ്റേജിനെ സംബന്ധിച്ച്, ചുവടെ കൊടുത്തിട്ടുള്ളവയിൽ നിന്ന് ശരിയായ രണ്ട് പ്രസ്താവനകൾ തിരഞ്ഞെടുക്കുക.

ഉത്തര സൂചിക

- A സ്ക്രാച്ച് തുറക്കുമ്പോൾ ലഭിക്കുന്ന വെള്ള നിറത്തിലുള്ള പശ്ചാത്തലമാണ് സ്റ്റേജ്.
- B സ്ക്രാച്ച് തുറക്കുമ്പോൾ ലഭിക്കുന്ന വെള്ള നിറത്തിലുള്ള കഥാപാത്രമാണ് സ്റ്റേജ്.
- C സ്ക്രാച്ച് തുറക്കുമ്പോൾ ലഭിക്കുന്ന പച്ച നിറത്തിലുള്ള പശ്ചാത്തലമാണ് സ്റ്റേജ്.
- D സ്റ്റേജിനെ നമുക്കിഷ്ടമുള്ള രീതിയിലേക്ക് മാറ്റാവുന്നതാണ്.
- E സ്റ്റേജിനെ നമുക്കിഷ്ടമുള്ള രീതിയിലേക്ക് മാറ്റാൻ കഴിയില്ല.

ശരിയായ ഉത്തരം

- A സ്ക്രാച്ച് തുറക്കുമ്പോൾ ലഭിക്കുന്ന വെള്ള നിറത്തിലുള്ള പശ്ചാത്തലമാണ് സ്റ്റേജ്.
- D സ്റ്റേജിനെ നമുക്കിഷ്ടമുള്ള രീതിയിലേക്ക് മാറ്റാവുന്നതാണ്.

12 സ്ക്രാച്ച് സോഫ്റ്റ്‌വെയറിലെ ഒരു കോഡ് സെഗ്‌മെന്റ് താഴെ കൊടുക്കുന്നു. ഈ കോഡ് സെഗ്‌മെന്റിനെ സംബന്ധിച്ചുള്ള ശരിയായ രണ്ട് പ്രസ്താവനകൾ ഏതെല്ലാം.




ഉത്തര സൂചിക

- A ഇത് Sensing വിഭാഗത്തിൽ പെടുന്നു.
- B ഇത് Motion വിഭാഗത്തിൽ പെടുന്നു.
- C ഇത് Control വിഭാഗത്തിൽ പെടുന്നു.
- D സ്പ്രൈറ്റിനെ അഞ്ചു സ്റ്റെപ്പുകൾ പിന്നോട്ട് ചലിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു.
- E സ്പ്രൈറ്റിനെ അഞ്ചു സ്റ്റെപ്പുകൾ മുന്നോട്ട് ചലിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു.

ശരിയായ ഉത്തരം

- B ഈ കോഡ് സെഗ്‌മെന്റ് Motion വിഭാഗത്തിൽ പെടുന്നു.
- D സ്പ്രൈറ്റിനെ അഞ്ചു സ്റ്റെപ്പുകൾ പിന്നോട്ട് ചലിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു.

13 സ്ക്രാച്ച് സോഫ്റ്റ്‌വെയറിൽ നിലവിലുള്ള സ്പ്രൈറ്റിനെ മാറ്റി കമ്പ്യൂട്ടറിലെ ഡസ്ക്ക്ടോപ്പിൽ സൂക്ഷിച്ച ഒരു ചിത്രം സ്പ്രൈറ്റായി ഉൾപ്പെടുത്താനുള്ള രണ്ട് പ്രവർത്തനങ്ങൾ തിരഞ്ഞെടുക്കുക.

ഉത്തര സൂചിക

- A നിലവിലുള്ള സ്പ്രൈറ്റിനെ എക്സ്പോർട്ട് ചെയ്യുന്നു.
- B നിലവിലുള്ള സ്പ്രൈറ്റിനെ ഡിലിറ്റ് ചെയ്യുന്നു.
- C Choose new sprite from file ബട്ടൺ പ്രയോജനപ്പെടുത്തി പുതിയ സ്പ്രൈറ്റിനെ ഉൾപ്പെടുത്തുന്നു.
- D Paint new Sprite ബട്ടൺ പ്രയോജനപ്പെടുത്തി പുതിയ സ്പ്രൈറ്റിനെ ഉൾപ്പെടുത്തുന്നു.

E Get Surprise Sprite ബട്ടൺ പ്രയോജനപ്പെടുത്തി പുതിയ സ്പ്രൈറ്റിനെ ഉൾപ്പെടുത്തുന്നു.

ശരിയായ ഉത്തരം

B നിലവിലുള്ള സ്പ്രൈറ്റിനെ ഡിലിറ്റ് ചെയ്യുന്നു.

C Choose new sprite from file ബട്ടൺ പ്രയോജനപ്പെടുത്തി പുതിയ സ്പ്രൈറ്റിനെ ഉൾപ്പെടുത്തുന്നു.